## പതിമൂന്നാം കേരള നിയമസഭ

## പതിന്നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1181 — 01/07/2015 ൽ മറുപടിയ്ക്ക്

## റീ സർവ്വേ അദാലത്തുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബഹനാൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റീ സർവ്വേ അദാലത്തുകൾ വില്ലേജ് തലത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാതല റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) റവന്യൂ- സർവ്വെ വകുപ്പുകളിൽ 31/10/2014 വരെ നിലവിലുള്ളതും, 01/11/2014 മുതൽ 20/12/2014 വരെയും ലഭിച്ചതായ ഫയലുകളും, സമയ ബന്ധിതമായി തീർപ്പാക്കിയും, റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ പൊതുജനങ്ങളിൽ നിന്ന് പരാതികൾ അദാലത്ത് ദിവസം നേരിട്ട് സ്വീകരിച്ചും, പൂർണ്ണമായ പ്രശ്ന പരിഹാരത്തിന് വഴിയൊരുക്കുകയുമാണ് ജില്ലാതല റവന്യൂ/സർവ്വെ അദാലത്തിന്റെ ലക്ഷ്യം. വർഷങ്ങളായോ മാസങ്ങളായോ പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളോ കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് മികച്ച സേവനം നൽകുകയുമാണ് അദാലത്ത് കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) റീ സർവ്വേ സംബന്ധിച്ച പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് അദാലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) റീസർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ പരാതികൾ നിലവിൽ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർമാരാണ് പരിഹരിച്ചു വരുന്നത്. റീ-സർവ്വേ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന്, സർവെ സബ് ഡിവിഷൻ സ്കെച്ച് അംഗീകരിക്കുവാൻ താലൂക്കുകളിലെ റീസർവ്വേ സൂപ്രണ്ടുമാർക്കു കൂടി താൽക്കാലികമായി അധികാരം നൽകിയിട്ടുണ്ട്. എൽ.ആർ.എം.-ൽ ശേഷിക്കുന്ന മുഴുവൻ റീ-സർവ്വേ പരാതികളും പരിഹരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

| | |
|---|---|
| (ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികൾ പ്രസ്തുത അദാലത്തുകളിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) താലൂക്ക് തലത്തിൽ നടപടി ശേഷിക്കുന്ന എല്ലാ പരാതികളും അദാലത്ത് മുഖേന തീർപ്പാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

A.N.

സെക്ഷൻ ഓഫീസർ